# പാറമേക്കാവ് ഭഗവതിക്ഷേത്രത്തിൽ



## ഇദംപ്രഥമമായി

# ദ്രവ്യാവർത്തി കലശം

**2025 മാർച്ച് 20 മുതൽ ഏപ്രിൽ 1 കൂടി**

(1200 മീനം 6 വ്യാഴം മുതൽ മീനം 18 ചൊവ്വ കൂടി)

# പ്രതിഷ്ഠാദിനം

2025 ഏപ്രിൽ 2 ബുധനാഴ്ച (1200 മീനം 19)

കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ തന്നെ അത്യപൂർവ്വവും താന്ത്രികാചാര പ്രകാരം അത്യുത്തമവും വിശുദ്ധിക്കും ഭഗവദ് സാന്നിദ്ധ്യവർധനവിനും സമ്പൽസമൃദ്ധിക്കും സർവ്വോപരി തട്ടകനിവാസികൾക്ക് ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടി ഭഗവതീ ചൈതന്യ വർദ്ധനവ് ഉദ്ദേശിച്ച് ഒരു പുരുഷായുസ്സിൽ ഒരിക്കൽ മാത്രം നടത്തിവരാറുള്ള **ദ്രവ്യാവർത്തി കലശം ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെയും, സദസ്യൻ തന്ത്രരത്നം ബ്രഹ്മശ്രീ അണ്ടലാടി ദിവാകരൻ നമ്പൂതിരിപ്പാടിന്റെയും** മുഖ്യകാർമ്മികത്വത്തിൽ പാറമേക്കാവ് ക്ഷേത്രത്തിൽ നടത്തുകയാണ്. ഈ വരുന്ന **2025 മാർച്ച് 20 മുതൽ ഏപ്രിൽ 1 കൂടിയ ദിവസം മീനമാസം രോഹിണി നക്ഷത്രത്തിൽ** ഭഗവതിയുടെ പ്രതിഷ്ഠാദിനത്തിന്റെ തലേദിവസം അവസാനിക്കുന്ന വിധത്തിലാണ് ഈ മംഗളമുഹൂർത്തം ആഗതമാവുന്നത്.



ബ്രഹ്മശ്രീ പുലിയന്നൂർ
കൃഷ്ണൻ നമ്പൂതിരിപ്പാട്



ബ്രഹ്മശ്രീ ബ്രഹ്മശ്രീ അണ്ടലാടി
ദിവാകരൻ നമ്പൂതിരിപ്പാട്



ബ്രഹ്മശ്രീ കരകന്നൂർ വടക്കേടത്ത്
വാസുദേവൻ നമ്പൂതിരി
മേൽശാന്തി



ബ്രഹ്മശ്രീ പുത്തില്ലത്ത്
മഹേഷ് നമ്പൂതിരി
മേൽശാന്തി

ഭാരതസംസ്കൃതിയുടെ ലക്ഷ്യം ഈശ്വരസാക്ഷാൽക്കാരമാണ്. നാം അനുഷ്ഠിക്കുന്ന ആത്മീയ കർമ്മങ്ങളുടെയും ആത്മീയചര്യകളുടെയും ഫലപ്രാപ്തിയ്ക്ക് ആചാര്യവരണത്തോടുകൂടിയാണ് കലശക്രിയാദികൾ ആരംഭിക്കുന്നത്. ആയതിനുശേഷം അങ്കുരാർപ്പണത്തോടുകൂടി പതിനാറ് മുളദ്രവ്യം പാലികകളിൽ വിതച്ച് സോമാദി ദേവതകളെ ആവാഹിച്ച് നിത്യവും ത്രികാലപൂജ ചെയ്യുന്നു. പിന്നീട് ഭഗവതിയുടെ സ്തൂല സൂക്ഷ്മ ശരീരങ്ങളായ പ്രാസാദബിംബാദികളിൽ ആധാരാധേയഭാവം മൂലം സംഭവിക്കുന്ന അശുദ്ധികളെ വിവിധക്രിയകളെക്കൊണ്ട് പ്രാസാദബിംബശുദ്ധി വരുത്തുന്നു. ശേഷം പരമസ്വരൂപമായ കേവല ചൈതന്യത്തെ സാക്ഷാൽക്കരിച്ച് അറിഞ്ഞും അറിയാതെയും സംഭവിക്കുന്ന വിവിധ ദുർനിമിത്തങ്ങൾക്ക് പരിഹാരമായി പ്രോക്തം, പ്രായശ്ചിത്തം, ശാന്തി, അത്ഭുതശാന്തി, ശ്വശാന്തി, ചോരശാന്തി, ഇത്യാദിഹോമാദികൾ നടത്തുന്നു. ശേഷം പഞ്ചഭൂതങ്ങൾ, കർമ്മേന്ദ്രിയങ്ങൾ ശബ്ദസ്പർശ രൂപരസഗന്ധ തൻമാത്രകൾ, മനസ്സ്, ബുദ്ധി, അഹങ്കാരം എന്നിവയോടുകൂടിയ ശരീരത്തിന്റെ അവസ്ഥയെ പൂർണ്ണമാക്കി ജീവന്റെ നിലനിൽപ്പിനെ ചൈതന്യവത്താക്കി പുനഃസൃഷ്ടിക്കുന്നു. തത്ത്വഹോമ, തത്ത്വ കലശാദികൾ കൊണ്ടാണ് ഇത് സാധ്യമാകുന്നത്. തുടർന്ന് അഷ്ടഗന്ധം, അഷ്ടരത്നം, ചതുർപാദ്യം, അർഘദ്രവ്യം, ആചാമദ്രവ്യം, കഷായദ്രവ്യം, ഔഷധിദ്രവ്യം, പുഷ്പദ്രവ്യം, ഫലദ്രവ്യം, ലോഹദ്രവ്യം, വിവിധതരം മണ്ണുകൾ, ഇത്യാദി പ്രകൃതിദത്ത സംഘാത ദ്രവ്യങ്ങളെക്കൊണ്ട് കലശം നിറച്ച് ആയതിലേക്ക് അധിദേവതകളെ ആവാഹിച്ച് പൂജിച്ച് അധിവസിച്ച് പഞ്ചവിംശതി ദ്രവ്യകലശമായി നവദിനം ബ്രഹ്മ കലശാഭിഷേകത്തോടു കൂടി സമംഗളം ദ്രവ്യാവർത്തി കലശം പര്യവസാനിക്കുന്നു. സർവ്വ ഐശ്വര്യ പ്രദാനമായ ഈ മഹായജ്ഞത്തിൽ ഭാഗഭാക്കായി സർവ്വേശ്വരിയും സർവ്വാഭീഷ്ടപ്രദായിനിയും രാജരാജേശ്വരിയുമായ പാറമേക്കാവിലമ്മയുടെ കൃപാകടാക്ഷങ്ങൾക്ക് പാത്രീഭൂതരാകുവാൻ സർവ്വമാനഭക്തജനങ്ങളേയും ഭഗവത് സന്നിധിയിലേക്ക് സവിനയം സ്വാഗതം ചെയ്യുന്നു.

എന്ന്

**ഡോ. എം. ബാലഗോപാൽ**
പ്രസിഡണ്ട്

**ജി.രാജേഷ്**
സെക്രട്ടറി

## കാര്യപരിപാടികൾ

**20.03. 2025 വ്യാഴാഴ്ച (1200– മീനം– 06)**

ദ്രവ്യാവർത്തി ദ്രവ്യകലശ ചടങ്ങുകൾ സമാരംഭം

ദീപാരാധനയ്ക്കുശേഷം : ആചാര്യവരണം, കൂറയും, പവിത്രവും കൊടുക്കൽ, മുളയിടൽ, പ്രാസാദശുദ്ധി, അസ്ത്രകലശപൂജ, രക്ഷോഘ്നഹോമം, വാസ്തുഹോമം.

**21.03.2025 വെള്ളിയാഴ്ച (1200 മീനം 7)**

രാവിലെ : ഉഷഃപൂജ, ശീവേലി, ബിംബശുദ്ധി, മുളപൂജ, പ്രോക്തഹോമം, പ്രായശ്ചിത്തഹോമം, ശാന്തിഹോമം, ഹോമകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : മുളപൂജ

**22.03.2025 ശനിയാഴ്ച (1200 മീനം 08)**

രാവിലെ : ഉഷഃപൂജ, ശീവേലി, മുളപൂജ, അത്ഭുത ശാന്തിഹോമം, ശ്വശാന്തിഹോമം, ചോരശാന്തിഹോമം, ഹോമകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : മുളപൂജ, കലശമണ്ഡപ സ്ഥലശുദ്ധി, ദ്രവ്യകലശത്തിനു പത്മം ഇടൽ

മേക്കാവിൽ : സുദർശന ഹോമം, ശുദ്ധി

**23.03.2025 ഞായറാഴ്ച (1200 മീനം 09)**

രാവിലെ : ഉഷഃപൂജ, ശീവേലി, മുളപൂജ, തത്വഹോമം, തത്വകലശം, ബ്രഹ്മകലശപൂജ (ഋഗ്വേദ, യജ്ജൂർവ്വേദ, സാമവേദമുറജപം) (വലിയപാണി), തത്വകലശാഭിഷേകം (മേൽക്കാവിൽ ദ്രവ്യകലശാഭിഷേകം), പരികലശപൂജ, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രാർത്ഥന.

**24.03.2025 തിങ്കളാഴ്ച (1200 മീനം 10)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം, (ഋഗ്വേദ, യജ്ജൂർവ്വേദ, സാമവേദമുറജപം)(വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രർത്ഥന

**25.03.2025 ചൊവ്വാഴ്ച (1200 മീനം 11)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം (ഋഗ്വേദ, യജ്ജൂർവ്വേദ, സാമവേദമുറജപം) (വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രർത്ഥന

**26.03.2025 ബുധൻ (1200 മീനം 12)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം (ഋഗ്വേദ, യജ്ജൂർവ്വേദ, സാമവേദമുറജപം)(വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രർത്ഥന

**27.03. 2025 വ്യാഴം (1200 മീനം 13)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം (ഋഗ്വേദ, യജ്ജൂർവ്വേദ, സാമവേദമുറജപം)(വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രർത്ഥന

**28.03. 2025 വെള്ളി (1200 മീനം 14)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം (ഋഗ്വേദ, യജ്ജൂർവ്വേദ, സാമവേദമുറജപം) (വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രർത്ഥന

**29.03. 2025 ശനി (1200 മീനം 15)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം (ഋഗ്വേദ, യജ്ജൂർവ്വേദ, സാമവേദമുറജപം) (വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രാർത്ഥന

**30.03. 2025 ഞായർ (1200 മീനം 16)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം (ഋഗ്വേദ, യജ്ജുർവ്വേദ, സാമവേദമുറജപം) (വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രാർത്ഥന

**31.03. 2025 തിങ്കൾ (1200 മീനം 17)**

രാവിലെ : ബ്രഹ്മകലശപൂജ, പരികലശപൂജ, ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം (ഋഗ്വേദ, യജ്ജുർവ്വേദ, സാമവേദമുറജപം) (വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജ, ശീവേലി.

വൈകീട്ട് : ദീപാരാധന, അധിവാസഹോമം, കലശാധിവാസം, അനുജ്ഞാ പ്രാർത്ഥന

**01.04. 2025 ചൊവ്വ (1200 മീനം 18)**

രാവിലെ : ഉഷഃപൂജ, ശീവേലി, പരികലശാഭിഷേകം, (വലിയപാണി) ബ്രഹ്മകലശാഭിഷേകം, ഉച്ചപൂജക്കുശേഷം ശ്രീഭൂതബലി.

**02.04.2025 ബുധൻ (1200 മീനം 19)**

# പ്രതിഷ്ഠാദിനം

| | | | |
|---|---|---|---|
| ഒരു കലശകുടം | – 500 രൂപ | ഒരു ദിവസത്തെ തന്ത്രി ദക്ഷിണ | – 3000 രൂപ |
| ഒരു ദിവസത്തെ പുഷ്പം | – 1000 രൂപ | ഒരു ദിവസത്തെ പാണി | – 4000 രൂപ |
| ഒരു ദിവസത്തെ വസ്ത്രം | – 1500 രൂപ | ഒരു ദിവസത്തെ ഭക്ഷണം | – 5000 രൂപ |
| ഒരു ദിവസത്തെ മുറജപം | – 2000 രൂപ | ഒരു ദിവസത്തെ കർമി ദക്ഷിണ | – 6000 രൂപ |
| ഒരു ദിവസത്തെ നെയ്യ് | – 2500 രൂപ | ഒരു ദിവസത്തെ സംഘാത ദ്രവ്യങ്ങൾ | – 10000രൂപ |

STATE BANK OF INDIA
Paramekkavu Temple Branch
A/c. No. 57069787642 IFSC : SBIN0070166

**വഴിപാടുകൾ ഓൺലൈനായി ബുക്ക് ചെയ്യാവുന്നതാണ്**

**Devaswom Mobile : 8304891773, Temple : 0487 2331373**
**www.paramekkavudevaswom.com. E- mail:paramekkavil@gmail.com**
**info@paramekkavudevaswom.com. Mobile App : 'Paramekkavu'**

**സംഭാവനകൾ**
QR Code **വഴി**
**അയക്കാവുന്നതാണ്**